**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4345** **01-07-2024 - ൽ മറുപടിയ്ക്ക്**

**നികുതി ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷവും ഏതെല്ലാം മേഖലകളിൽ നികുതി ഇളവ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകൾ നൽകിയ നികുതി ഇളവുകൾ സംബന്ധിച്ച വിശദാംശവും, ഇളവ് നൽകാനുണ്ടായ കാരണവും താഴെ ചേർക്കുന്നു.<br><br>**1. സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്**<br><br>സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന ജി.എസ്.ടി.ക്ക് മുൻപുള്ള നികുതി നിയമങ്ങളിൽ കുടിശ്ശിക നിവാരണത്തിന്റെ ഭാഗമായി, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ ആംനസ്റ്റി പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. ഇതിലൂടെ നിശ്ചിത ശതമാനം നികുതി പൂർണ്ണമായും ഒരു നിശ്ചിത സമയത്തിനുള്ളിൽ ഒടുക്കുന്നവർക്ക് പിഴയും പലിശയും പൂർണ്ണമായി ഒഴിവാക്കി നൽകിയിരുന്നു. എന്നാൽ, ഈ പദ്ധതി, കേരള പൊതുവിൽപ്പന നികുതി നിയമത്തിൻ കീഴിലെ 2004-05 സാമ്പത്തിക വർഷം വരെയുള്ള കുടിശ്ശികകൾക്ക് മാത്രമാണ് ബാധകമായിരുന്നത്. 2005-06 സാമ്പത്തിക വർഷം മുതലുള്ള കേരള പൊതുവിൽപ്പന നികുതി നിയമത്തിൻ കീഴിലെ കുടിശ്ശികകൾക്ക് നികുതിയും പലിശയും പൂർണ്ണമായി ഒടുക്കുന്നപക്ഷം പിഴ മാത്രമാണ് ഒഴിവാക്കി നൽകിയിരുന്നത്.<br><br>കോവിഡ്-19 ന്റെ സാഹചര്യത്തിൽ ബാർ ഹോട്ടലുകളുടെ വ്യാപാര നഷ്ടം കണക്കിലെടുത്ത് 5%-ൽ അധികമുള്ള ടേൺ ഓവർ ടാക്സ് നിശ്ചിത കാലത്തേക്ക് (2020 മെയ് 22 മുതൽ ഡിസംബർ 21 വരെയും 2021 ജൂൺ 15 മുതൽ സെപ്റ്റംബർ 25 വരെയും) ഒഴിവാക്കുകയും 5% ൽ കൂടുതലായി അടച്ചവർക്ക് അധികതുക ഭാവി ബാധ്യതകളിലേക്ക് ക്രമീകരിച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്.<br><br>കേരളത്തിനകത്തുള്ള ഡിസ്റ്റിലറികളിൽ നിന്നും ബിവറേജസ് കോർപ്പറേഷനിലേക്കുള്ള |

വിതരണത്തിന്മേലുള്ള ടേൺ ഓവർ ടാക്സ് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ, കാലാകാലങ്ങളിൽ ജി.എസ്.ടി. കൗൺസിൽ തീരുമാനപ്രകാരം അനുവദിക്കപ്പെടുന്ന ഇളവുകൾ സംസ്ഥാനത്തും നടപ്പിലാക്കുന്നുണ്ട്.

വളരെക്കാലമായി പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക പരമാവധി പിരിച്ചെടുക്കുക, അത് വഴി പഴയ നിയമങ്ങളുമായി ബന്ധപ്പെട്ട് വ്യാപാരികളും വകുപ്പും തമ്മിലുള്ള വ്യവഹാരങ്ങൾ തീർപ്പ് കല്പിച്ച് ഉദ്യോഗസ്ഥർക്ക് GST നിയമവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിനായി അവസരം ഉണ്ടാക്കുക, കോവിഡ് കാലത്തുണ്ടായ വ്യാപാരനഷ്ടം മൂലം വ്യാപാരികൾക്കുണ്ടായ പ്രയാസം ലഘൂകരിക്കുക എന്നിവ കണക്കിലെടുത്താണ് മേൽപ്പറഞ്ഞ ഇളവുകൾ നൽകിയത്.

**<u>2. സംസ്ഥാന മോട്ടോർ വാഹന വകുപ്പ്</u>**

സംസ്ഥാന മോട്ടോർ വാഹന വകുപ്പിൽ എല്ലാ സാമ്പത്തിക വർഷങ്ങളിലും ഒറ്റത്തവണ നികുതി കുടിശ്ശിക തീർപ്പാക്കൽ പദ്ധതി പ്രകാരം അതതു വർഷങ്ങളിൽ നാലു വർഷത്തിലധികം കുടിശ്ശികയിലായിരുന്ന വാഹനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി അടച്ച് കുടിശ്ശിക തീർക്കുവാൻ അവസരം നൽകിയിരുന്നു. നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ആകെ കുടിശ്ശികയുടെ 40 ശതമാനവും ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ആകെ കുടിശ്ശികയുടെ 30 ശതമാനവും മാത്രം ഈടാക്കി തുടർന്ന് ഉപയോഗിക്കുവാൻ അനുമതി നൽകി.

പൊതു താൽപര്യാർത്ഥം ദീർഘകാലമായി കുടിശ്ശികയിലായിരുന്ന വാഹനങ്ങൾക്കാണ് ഈ സൗകര്യം നൽകിയത്. ലഭിക്കുവാൻ സാദ്ധ്യത ഇല്ലാത്ത തുകയാണ് ഇത്തരത്തിൽ സമാഹരിക്കാൻ കഴിഞ്ഞത്.

**<u>3. രജിസ്ട്രേഷൻ വകുപ്പ്</u>**

രജിസ്ട്രേഷൻ വകുപ്പിൽ താഴെപ്പറയുന്ന ഇളവുകൾ നൽകിയിട്ടുണ്ട്.

ഒരു ആധാരം രജിസ്റ്റർ ചെയ്ത് 3 മാസത്തിനുള്ളിൽ വീണ്ടും കൈമാറ്റം ചെയ്യുകയാണെങ്കിൽ ആയതിന് മുമ്പത്തെ ആധാരത്തിന് ഈടാക്കിയിട്ടുള്ള സ്റ്റാമ്പ് ഡ്യൂട്ടിയുടെ ഇരട്ടി തുകയും, രജിസ്റ്റർ ചെയ്ത് 6 മാസത്തിനുള്ളിൽ വീണ്ടും കൈമാറ്റം ചെയ്യുകയാണെങ്കിൽ മുമ്പത്തെ ആധാരത്തിന്

ഈടാക്കിയിട്ടുള്ള സ്റ്റാമ്പ് ഡ്യൂട്ടിയുടെ ഒന്നര ഇരട്ടി തുകയും ഒടുക്കേണ്ടിയിരുന്നത് 2023 ലെ ഫിനാൻസ് ആക്ട് പ്രകാരം ഒഴിവാക്കിയിട്ടുള്ളതാണ്. വസ്തു കൈമാറ്റം പ്രോത്സാഹിപ്പിക്കുന്നതിനായാണ് മേൽ ഇളവ് നൽകിയിട്ടുള്ളത്.

കേരള ഫിനാൻസ് ആക്ട്, 2023 പ്രകാരം ഒരു സ്ഥാവരവസ്തുവിൽ പ്രൊമോട്ടർക്കോ/ഡെവലപ്പർക്കോ നിർമ്മാണപ്രവർത്തനം നടത്തുന്നതിനായി അധികാരം നൽകുന്ന മുക്ത്യാറുകൾക്കുള്ള മുദ്രവില 8 ശതമാനം നിരക്കിൽ നിന്നും കേരള മുദ്രപത്രനിയമം പട്ടിക 44(ജി) പ്രകാരം 8 ശതമാനം നിരക്കിൽ പരമാവധി ഒരു ലക്ഷം രൂപയായി കുറയ്ക്കുകയുണ്ടായി. കെട്ടിട നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് മേൽ ഇളവ് നൽകിയിട്ടുള്ളത്.

സർക്കാർ ഉടമസ്ഥതയിലുള്ളതും, 51% ഗവൺമെന്റ് ഓഹരിയുള്ളതുമായ ഐ.റ്റി പാർക്കുകൾ എക്സിക്യൂട്ട് ചെയ്യുന്ന വില, ലീസ്, കരാർ ആധാരങ്ങൾക്ക് G.O.(P) No. 283/2010/TD നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് 25.09.2022 ലെ G.O.(P) No.121/2022/TD നമ്പർ ഉത്തരവ് പ്രകാരം സറണ്ടർ ഓഫ് ലീസ് ആധാരങ്ങൾക്കും, സബ് ലീസ് ആധാരങ്ങൾക്കും കൂടി ബാധകമാക്കി. ഐ.റ്റി മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയാണ് മേൽ ഇളവ് വരുത്തിയിട്ടുള്ളത്.

സറണ്ടർ ഓഫ് ലീസ് ആധാരങ്ങൾക്കുള്ള രജിസ്ട്രേഷൻ ഫീസ് 17.03.2023 തീയതിയിലെ G.O.(P) No. 40/2023/TD നമ്പർ ഉത്തരവ് പ്രകാരം 1000/- രൂപയായി നിജപ്പെടുത്തി. 2023-24 ലെ ബഡ്ജറ്റ് പ്രഖ്യാപനത്തെ തുടർന്നാണ് സറണ്ടർ ഓഫ് ലീസ് ആധാരങ്ങൾക്കുള്ള രജിസ്ട്രേഷൻ ഫീസ് കുറച്ചിട്ടുള്ളത്.

വില്പനകരാറുകൾ രജിസ്റ്റർ ചെയ്ത ശേഷം, ഇതേ കരാറുമായി ബന്ധപ്പെട്ട് 6 മാസത്തിനുള്ളിൽ വില്പനകരാറിൽ ഏർപ്പെട്ട കക്ഷികൾ തന്നെ വിലയാധാരം രജിസ്റ്റർ ചെയ്യുമ്പോൾ വില്പനകരാറിന് ഈടാക്കിയിരുന്ന രജിസ്ട്രേഷൻ ഫീസ് വിലയാധാരം ചെയ്യുമ്പോൾ കുറവ് ചെയ്ത നൽകുകയുണ്ടായി. കരാറുകളുടെ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയാണ് മേൽ ഇളവ് വരുത്തിയിട്ടുള്ളത്.

റവന്യൂ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകൾ നൽകിയ നികുതി ഇളവുകൾ സംബന്ധിച്ച വിശദാംശം ശേഖരിച്ചുനൽകുന്നതാണ്.

| | | | |
|---|---|---|---|
| (ബി) | നികുതി ഇളവ് നൽകാനുണ്ടായ കാരണം എന്താണെന്ന് വിശദമാക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകൾ നൽകിയ നികുതി ഇളവുകൾ സംബന്ധിച്ച വിശദാംശവും, ഇളവ് നൽകാനുണ്ടായ കാരണവും താഴെ ചേർക്കുന്നു.<br><br>**<u>1. സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്</u>**<br><br>സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന ജി.എസ്.ടി.ക്ക് മുൻപുള്ള നികുതി നിയമങ്ങളിൽ കുടിശ്ശിക നിവാരണത്തിന്റെ ഭാഗമായി, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ ആംനസ്റ്റി പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. ഇതിലൂടെ നിശ്ചിത ശതമാനം നികുതി പൂർണ്ണമായും ഒരു നിശ്ചിത സമയത്തിനുള്ളിൽ ഒടുക്കുന്നവർക്ക് പിഴയും പലിശയും പൂർണ്ണമായി ഒഴിവാക്കി നൽകിയിരുന്നു. എന്നാൽ, ഈ പദ്ധതി, കേരള പൊതുവിൽപ്പന നികുതി നിയമത്തിൻ കീഴിലെ 2004-05 സാമ്പത്തിക വർഷം വരെയുള്ള കുടിശ്ശികകൾക്ക് മാത്രമാണ് ബാധകമായിരുന്നത്. 2005-06 സാമ്പത്തിക വർഷം മുതലുള്ള കേരള പൊതുവിൽപ്പന നികുതി നിയമത്തിൻ കീഴിലെ കുടിശ്ശികകൾക്ക് നികുതിയും പലിശയും പൂർണ്ണമായി ഒടുക്കുന്നപക്ഷം പിഴ മാത്രമാണ് ഒഴിവാക്കി നൽകിയിരുന്നത്.<br><br>കോവിഡ്-19 ന്റെ സാഹചര്യത്തിൽ ബാർ ഹോട്ടലുകളുടെ വ്യാപാര നഷ്ടം കണക്കിലെടുത്ത് 5%-ൽ അധികമുള്ള ടേൺ ഓവർ ടാക്സ് നിശ്ചിത കാലത്തേക്ക് (2020 മെയ് 22 മുതൽ ഡിസംബർ 21 വരെയും 2021 ജൂൺ 15 മുതൽ സെപ്റ്റംബർ 25 വരെയും) ഒഴിവാക്കുകയും 5% ൽ കൂടുതലായി അടച്ചവർക്ക് അധികതുക ഭാവി ബാധ്യതകളിലേക്ക് ക്രമീകരിച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്.<br><br>കേരളത്തിനകത്തുള്ള ഡിസ്റ്റിലറികളിൽ നിന്നും ബിവറേജസ് കോർപ്പറേഷനിലേക്കുള്ള വിതരണത്തിന്മേലുള്ള ടേൺ ഓവർ ടാക്സ് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ, കാലാകാലങ്ങളിൽ ജി.എസ്.ടി. കൗൺസിൽ തീരുമാനപ്രകാരം അനുവദിക്കപ്പെടുന്ന ഇളവുകൾ സംസ്ഥാനത്തും നടപ്പിലാക്കുന്നുണ്ട്.<br><br>വളരെക്കാലമായി പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക പരമാവധി പിരിച്ചെടുക്കുക, അത് വഴി പഴയ നിയമങ്ങളുമായി ബന്ധപ്പെട്ട് വ്യാപാരികളും വകുപ്പും തമ്മിലുള്ള വ്യവഹാരങ്ങൾ തീർപ്പ് കല്പിച്ച് ഉദ്യോഗസ്ഥർക്ക് GST നിയമവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിനായി അവസരം ഉണ്ടാക്കുക, |

കോവിഡ് കാലത്തുണ്ടായ വ്യാപാരനഷ്ടം മൂലം വ്യാപാരികൾക്കുണ്ടായ പ്രയാസം ലഘൂകരിക്കുക എന്നിവ കണക്കിലെടുത്താണ് മേൽപ്പറഞ്ഞ ഇളവുകൾ നൽകിയത്.

**2. സംസ്ഥാന മോട്ടോർ വാഹന വകുപ്പ്**

സംസ്ഥാന മോട്ടോർ വാഹന വകുപ്പിൽ എല്ലാ സാമ്പത്തിക വർഷങ്ങളിലും ഒറ്റത്തവണ നികുതി കുടിശ്ശിക തീർപ്പാക്കൽ പദ്ധതി പ്രകാരം അതതു വർഷങ്ങളിൽ നാലു വർഷത്തിലധികം കുടിശ്ശികയിലായിരുന്ന വാഹനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി അടച്ച് കുടിശ്ശിക തീർക്കുവാൻ അവസരം നൽകിയിരുന്നു. നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ആകെ കുടിശ്ശികയുടെ 40 ശതമാനവും ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ആകെ കുടിശ്ശികയുടെ 30 ശതമാനവും മാത്രം ഈടാക്കി തുടർന്ന് ഉപയോഗിക്കുവാൻ അനുമതി നൽകി.

പൊതു താൽപര്യാർത്ഥം ദീർഘകാലമായി കുടിശ്ശികയിലായിരുന്ന വാഹനങ്ങൾക്കാണ് ഈ സൗകര്യം നൽകിയത്. ലഭിക്കുവാൻ സാദ്ധ്യത ഇല്ലാത്ത തുകയാണ് ഇത്തരത്തിൽ സമാഹരിക്കാൻ കഴിഞ്ഞത്.

**3. രജിസ്ട്രേഷൻ വകുപ്പ്**

രജിസ്ട്രേഷൻ വകുപ്പിൽ താഴെപ്പറയുന്ന ഇളവുകൾ നൽകിയിട്ടുണ്ട്.

ഒരു ആധാരം രജിസ്റ്റർ ചെയ്ത് 3 മാസത്തിനുള്ളിൽ വീണ്ടും കൈമാറ്റം ചെയ്യുകയാണെങ്കിൽ ആയതിന് മുമ്പത്തെ ആധാരത്തിന് ഈടാക്കിയിട്ടുള്ള സ്റ്റാമ്പ് ഡ്യൂട്ടിയുടെ ഇരട്ടി തുകയും, രജിസ്റ്റർ ചെയ്ത് 6 മാസത്തിനുള്ളിൽ വീണ്ടും കൈമാറ്റം ചെയ്യുകയാണെങ്കിൽ മുമ്പത്തെ ആധാരത്തിന് ഈടാക്കിയിട്ടുള്ള സ്റ്റാമ്പ് ഡ്യൂട്ടിയുടെ ഒന്നര ഇരട്ടി തുകയും ഒടുക്കേണ്ടിയിരുന്നത് 2023 ലെ ഫിനാൻസ് ആക്ട് പ്രകാരം ഒഴിവാക്കിയിട്ടുള്ളതാണ്. വസ്തു കൈമാറ്റം പ്രോത്സാഹിപ്പിക്കുന്നതിനായാണ് മേൽ ഇളവ് നൽകിയിട്ടുള്ളത്.

കേരള ഫിനാൻസ് ആക്ട്, 2023 പ്രകാരം ഒരു സ്ഥാവരവസ്തുവിൽ പ്രൊമോട്ടർക്കോ/ഡെവലപ്പർക്കോ നിർമ്മാണപ്രവർത്തനം നടത്തുന്നതിനായി അധികാരം നൽകുന്ന മുക്ത്യാറുകൾക്കുള്ള മുദ്രവില 8 ശതമാനം നിരക്കിൽ നിന്നും കേരള മുദ്രപത്രനിയമം പട്ടിക 44(ജി) പ്രകാരം 8 ശതമാനം നിരക്കിൽ പരമാവധി ഒരു ലക്ഷം രൂപയായി കുറയ്ക്കുകയുണ്ടായി.

| | | | | |
|---|---|---|---|---|
| | | | | കെട്ടിട നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് മേൽ ഇളവ് നൽകിയിട്ടുള്ളത്.<br><br>സർക്കാർ ഉടമസ്ഥതയിലുള്ളതും, 51% ഗവൺമെന്റ് ഓഹരിയുള്ളതുമായ ഐ.റ്റി പാർക്കുകൾ എക്സിക്യൂട്ട് ചെയ്യുന്ന വില, ലീസ്, കരാർ ആധാരങ്ങൾക്ക് G.O.(P) No. 283/2010/TD നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് 25.09.2022 ലെ G.O.(P) No.121/2022/TD നമ്പർ ഉത്തരവ് പ്രകാരം സറണ്ടർ ഓഫ് ലീസ് ആധാരങ്ങൾക്കും, സബ് ലീസ് ആധാരങ്ങൾക്കും കൂടി ബാധകമാക്കി. ഐ.റ്റി മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയാണ് മേൽ ഇളവ് വരുത്തിയിട്ടുള്ളത്.<br><br>സറണ്ടർ ഓഫ് ലീസ് ആധാരങ്ങൾക്കുള്ള രജിസ്ട്രേഷൻ ഫീസ് 17.03.2023 തീയതിയിലെ G.O.(P) No. 40/2023/TD നമ്പർ ഉത്തരവ് പ്രകാരം 1000/- രൂപയായി നിജപ്പെടുത്തി. 2023-24 ലെ ബഡ്ജറ്റ് പ്രഖ്യാപനത്തെ തുടർന്നാണ് സറണ്ടർ ഓഫ് ലീസ് ആധാരങ്ങൾക്കുള്ള രജിസ്ട്രേഷൻ ഫീസ് കുറച്ചിട്ടുള്ളത്.<br><br>വില്പനകരാറുകൾ രജിസ്റ്റർ ചെയ്ത ശേഷം, ഇതേ കരാറുമായി ബന്ധപ്പെട്ട് 6 മാസത്തിനുള്ളിൽ വില്പനകരാറിൽ ഏർപ്പെട്ട കക്ഷികൾ തന്നെ വിലയാധാരം രജിസ്റ്റർ ചെയ്യുമ്പോൾ വില്പനകരാറിന് ഈടാക്കിയിരുന്ന രജിസ്ട്രേഷൻ ഫീസ് വിലയാധാരം ചെയ്യുമ്പോൾ കുറവ് ചെയ്ത നൽകുകയുണ്ടായി. കരാറുകളുടെ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയാണ് മേൽ ഇളവ് വരുത്തിയിട്ടുള്ളത്.<br><br>റവന്യൂ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകൾ നൽകിയ നികുതി ഇളവുകൾ സംബന്ധിച്ച വിശദാംശം ശേഖരിച്ചുനൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ